കഥ

# നാല്പത്തൊന്നു സുന്ദരിമാർ

തിരുവാതിരയും കഴിഞ്ഞു, പുണർതവും കഴിഞ്ഞു. കൈക്കോട്ടു തൊട്ടിട്ടില്ല രണ്ടു ദിവസവും. പിന്നെ അതെടുക്കുമ്പോൾ ഒരു മടി. ധനു ഒടുവായി. എന്നിട്ടുമുണ്ട് പാലക്കാടൻ കാറ്റ്, ഒലോക്കിൽനിന്ന് ഊതുംപോലെ ഊതുന്നു. ഈ ചുരം കടന്നു വരുന്ന വിദ്വാൻ തൊട്ടാലുണ്ടല്ലോ, മേലൊക്കെ ഒരു മൊളി പൊന്തും. എന്തിന്, ആകെ ഉണങ്ങും സസ്യങ്ങൾ കൂടി. എത്ര വേഗമാണ് മണ്ണ് വരണ്ടത്! ഇപ്പോൾ തന്നെ വൈകിപ്പോയി. രണ്ടേ രണ്ടു ദിവസത്തിന്നുള്ളിൽ വാഴയ്ക്കു വെള്ളം കൊടുക്കണം. വേലുവിന് ആകെ പത്തു തോടാണ്. എനിക്ക് അഞ്ചേ ഉള്ളൂ. ഒപ്പമാണ് പണി തുടങ്ങിയത്, അവന്നിനി അഞ്ചെണ്ണമേ ഉള്ളൂ. എനിക്ക് തികച്ചും മൂന്നെണ്ണം മൂടണം. ആയാൾ ആദ്യം മുഴുമിപ്പിക്കും എങ്ങിനേയോ? കുനിഞ്ഞുനിന്ന് ആ പാറപോലത്തെ മണ്ണിൽ 'കൊടോം കൊടോം' എന്നങ്ങു കൊത്തി മണ്ണെടുത്തങ്ങു വീശിയെറിയാൻ തുടങ്ങിയാൽ ആന വന്നാലും അറിയില്ല ഇഷ്ടൻ. നാലു കൈക്കോട്ടു കൊത്തുമ്പോഴേക്ക് എനിക്ക് തുമ്പികൈവണ്ണത്തിലാണ് ശ്വാസം വരിക. എന്നാലും ഞാൻ പിടിച്ചുനിൽക്കും. അവന്റെ എൺപതും എന്റെ നാല്പതും. നാല്പതല്ലെ ഉള്ളൂ? ഇതുവരെ കാഴ്ചയ്ക്ക് വലിയ വ്യത്യാസമൊന്നുമില്ല. അവന്റെ വാഴക്കും വന്നിട്ടുണ്ട് ആറു കൂമ്പ്. കുതിച്ചിങ്ങോട്ടു പോന്നിരിക്കുന്നു രണ്ടും. എന്നാലോ, ഈ ക്ഷീണം സാരമില്ല. ഓരോ കൂമ്പും വലിഞ്ഞുവന്നിട്ടങ്ങനെ വിരിയുമല്ലോ. ആ സ്വർഗമാർദ്ദവം കണ്ണിന്റെ മുമ്പിലൊന്നു കാണുമ്പോഴേക്ക് അതുവരത്തെ ക്ഷീണം തീർന്നു. ജീവനോടുള്ള ഭ്രമമാണത്. പുതുജീവൻ കളിച്ചുയരുന്നത് കാണാൻ ഒരു നിലയ്ക്കാത്ത കൗതുകം! സുന്ദരിമാർ തന്നെയാണ് ഈ തൈവാഴകൾ. ഉടുത്തൊരുങ്ങി നിൽക്കുന്ന സുന്ദരിമാർ.

കാനലില്ലാത്ത വെയിലേറ്കൊള്ളുന്ന സ്ഥലം. നൂറ്റമ്പതടി നീളത്തിലും എൺപതടി വീതിയിലും. അതിൽ പതിപ്പത്തടി ദൂരത്തിൽ അന്യോന്യം കൈയും നീട്ടി, ഒരേ വലുപ്പം, ഒരേ ഉടയാട ഒരേ ചലനം; ആടിക്കുഴഞ്ഞങ്ങനെ നിൽക്കുകയാണ്. ആകെ ഒരു നൂറ്റിരുപത് പെൺകിടാങ്ങൾ. ഒരു പുതിയ സൃഷ്ടി നടക്കുകയാണവിടെ. ഒരു പുതിയ ലോകം. പുതുജീവന്റേതായ ഒരു സമുദ്രം; പച്ചപ്പട്ടുകളുടെ തിരമാല പൊങ്ങിയും താണും നിൽക്കുകയാണ്!

പുലരുമ്പോൾ തുടങ്ങിയതാണ്. വേലു നിർത്താനുള്ള ഭാവമൊന്നുമില്ല. കിളക്കട്ടെ. ചങ്ങാതീ, ഇങ്ങനെ താഴ്ത്തിയാൽ ഭൂമിയുടെ വേര് പുഴങ്ങും.

കണ്ടില്ലേ, കിളയ്ക്കുമ്പോൾ ആ കൈപ്പലകയുടെ പിന്നിലത്തെ ഓരോ കിണറ്, കയ്ക്കോട്ടിങ്ങോട്ടു വലിയ്ക്കുമ്പോഴേയ്ക്ക് പിൻ കയ്യിന്മേൽ ഓരോ റബ്ബർപ്പന്തും. കിതപ്പ്! ഒരു നെടുവീർപ്പു പോലുമില്ലേ, മനുഷ്യ, തനിയ്ക്ക്?

മുക്കാൽതോടു മൂടി, ഞാൻ എടയും കിളച്ചു. എനിക്കിനി വയ്യ. വെയിലിന് നല്ല ചൂടുണ്ട്. അവരവരുടെ വാഴയുടെ ചുവട്ടിലങ്ങനെ തളർന്നിരിക്കാൻ ഒരു രസമൊക്കെയുണ്ട്. ശരിയാണ്. ഉത്തരിയംകൊണ്ട് വീശിത്തരുന്ന ഒരു സുന്ദരിപ്പെണ്ണുതന്നെയാണ് തൈവാഴ!

“എന്താ കമ്മളേ, തളർന്വോ?” ഒരു കൈക്കോട്ട് മണ്ണും കൊത്തിവെച്ച് പിടിവെട്ട് രണ്ടുകയ്യും കൂടി വായ്ക്കടുത്തുവെച്ച് 'ഹ' എന്നൊരു ശ്വാസം വിട്ടിട്ട് ഒരു തിരുമ്മലുണ്ട്, മയപ്പെടുത്താൻ, അതും കഴിഞ്ഞ് കൈക്കോട്ടിന്മേലെയ്ക്കുതന്നെ കനിയുമ്പോൾ തിരിഞ്ഞുനോക്കി ഒരു ചിരിയും ചിരിച്ചുകൊണ്ട് വേലു ചോദിച്ചതാണ്.

“തളർന്നു ചങ്ങാതി; മതിയാക്കി. ഞാൻ തന്നെപ്പോലെ ചാവാൻ ഒരുക്കമില്ല.”

വേലു നിന്നു. “ശങ്കരൻ കമ്മളെപ്പോലേന്ന് പറയിൻ...” വേലു ആ തോട്ടത്തിന്റെ വടക്കുകിഴക്കെ മൂലയിലുള്ള വീട്ടിന്നു നേരെയൊന്നു നോക്കി. ക്ഷീണിച്ചാൽ അപ്പോൾ പറയും വേലു 'ശങ്കരൻകമ്മളു'ടെ കാര്യം. പാവം! ആ ചെറിയ വീട്ടിലെ ചെറുപ്പക്കാരനായിരുന്നു. ഇക്കഴിഞ്ഞ ചിങ്ങ്യത്തിൽ ഓണം കഴിഞ്ഞ് അഞ്ചിന്റെ അന്നോ അതിന്റെ പിറ്റേന്നോ ആണ് അയാൾ കഴിഞ്ഞത്. “ഹോ! രണ്ടേ രണ്ടുദിവസത്തെ പനി! ആ കരിമ്പനപോലത്തെ തടി പൂവുപോലെ ആയി.” വേലു പറയും. ആയാളാണ് ഇവിടെ കഴിഞ്ഞ കൊല്ലം വാഴവെച്ചത്. നാല്പത്തൊന്നു വാഴ! ഇക്കൊല്ലം ആ കുഴികുത്തിയ കാലം വന്നപ്പോഴേയ്ക്ക് ആയാൾക്കുള്ള കുഴി കുത്തിക്കഴിഞ്ഞു!

തടിപോലെത്തന്നെ, എന്തൊരു രസികത്തമായിരുന്നു ശങ്കരൻ നായർക്ക്! ആയാളാണ് ആദ്യം പറഞ്ഞുകേട്ടത് 'എന്റെ നാല്പത്തൊന്നു സുന്ദരിമാര്' എന്ന്. ആ വേനക്കാലത്ത് ഞാൻ നിത്യം വൈകുന്നേരം ഈ ഇടവഴിയിലൂടെ പോകാറുണ്ട്. ഈ വാഴത്തോട്ടമൊന്നു

കാണാൻ തന്നെ. ഒരു നേരിയ മുണ്ടും പുതച്ച് കൈയുംകെട്ടി വാഴയും നോക്കി ആയാൾ അവയ്ക്കിടയിൽ ലാത്തുന്നതു കാണാം. ആ ലാത്തലും ആ വാഴകളുടെ ചന്തവും ആ നോട്ടവും ആ മുക്കിലെ എരഞ്ഞിപൂത്ത വാസനയും താണ വെയിലും എല്ലാംകൂടി പത്തുമിനുട്ടെങ്കിലും നിത്യവും എന്നെ ഇവിടെ പിടിച്ചുനിർത്തിയിട്ടുണ്ട്, നിർത്തും ആരായാലും നിന്നുപോവും.

ആയാളുടെ കണ്ണിലത്തെ ആ തിളക്കമുണ്ടല്ലോ, കുതിച്ചുയർന്ന് കൂമ്പിവിരിയുന്ന പച്ചജീവന്റെ നേർക്കുള്ള അത്യാർത്തിയുടെ മിന്നിച്ച-അതാണ് വാസ്തവത്തിലെന്നെ വാഴവെയ്ക്കാൻ പ്രേരിപ്പിച്ചത്.

വേലുവിനേയും. പക്ഷേ, അതവന്ന് പറയാൻ അറിയില്ല. അത്രേ ഉള്ളൂ. അവന്റെ മനസ്സിൽ കിടന്നങ്ങനെ മുഴങ്ങുന്നുണ്ട്. അതാണ്, തൊട്ടതിന്നു തൊട്ടതിന്ന് അവനിങ്ങനെ തേട്ടുന്നത്. “ശങ്കരൻകമ്മള്, ശങ്കരൻകമ്മള്” എന്ന്.

“ശങ്കരൻ കമ്മളെപ്പോലേന്ന് പറയിൻ” വേലു അതു പറഞ്ഞു എന്നുതന്നേ ഉള്ളൂ. അതും ആ നോട്ടവും അവൻ തളർന്നു; രണ്ടേ രണ്ടു കൈക്കോട്ടേ പിന്നെ കൊത്തീട്ടുള്ളൂ. വേലു മതിയാക്കി, കൈക്കോട്ടും വെച്ച്, അങ്ങെ വാഴൻചോട്ടിൽ വന്നിരിപ്പായി. എന്നിട്ട്, കൈപൊന്തിച്ച് വാഴൻകുരലിൽ തപ്പി മുറുക്കാൻപാളയെടുത്തു മുമ്പിൽവെച്ച് അഴിക്കുകയായി. അങ്ങിനെയാണ്; ക്ഷീണിച്ചാൽ മൂപ്പർക്കൊന്നു മുറുക്കണം. എന്നിട്ട് “രണ്ടു തൊള്ള തൌതാരിച്ചാൽ” പിന്നെയും ചെയ്യാം അത്രയ്ക്കത്ര പണി. എനിക്കാണെങ്കിലോ, എപ്പോൾ മുറുക്കിയാലും ഞാൻ ക്ഷീണിക്കും. എങ്ങിനെയാണപ്പാ, പുകയില ഇങ്ങിനെ ചവയ്ക്കുന്നത്! എന്നാലും പുകയിലയ്ക്ക് ഒരാകർഷകത്വമുണ്ട്. ഒരാൾ അതുപയോഗിക്കുന്നതു കണ്ടാൽ മററാൾക്കും വേണം. ഞാൻ തപ്പിപ്പിടിച്ച് ഒരു ബീഡിയെടുത്തു കത്തിച്ചു.

ഇനി ആ മുറുക്കങ്ങു കഴിഞ്ഞാൽ തുടങ്ങും ഒരു കഥ. എന്നും പുതിയ ഒന്ന്. അധികവും സ്വാനുഭവം. അതിലുമുണ്ട് പുതുമ. ഭൂരിഭാഗവും താനും, രാത്രികാലങ്ങളിൽ ഭാരതപ്പുഴയുടെ മണൽത്തിട്ടിൽ സുലഭമായി പ്രത്യക്ഷപ്പെടാറുള്ള വിവിധ ദേവതകളും തമ്മിലുള്ള കെട്ടിമറിച്ചലുകളുടെ കഥകളാണ്. അങ്ങിനെയൊരു കഥയും പറഞ്ഞ് വലിഞ്ഞൊന്നു തുപ്പി ആയാൾ വീണ്ടും കൈക്കോട്ടിന്മേലേയ്ക്കു കുനിയും. “കൊടോം കൊടോം” എന്നു കേൾക്കാം പിന്നെ. ആ പാറപോലത്തെ മണ്ണിൽ തട്ടി കൈക്കോട്ടിന്മേൽനിന്ന് തീപ്പറക്കും.

ഇന്നുമുണ്ടാവും ഒരു കഥ. മൂപ്പര് വിസ്തരിച്ചു മുറുക്കുന്നുണ്ട്. വെയിൽ മെല്ലെ മൂക്കുകയാണ്. അതിലും പരുക്കനാണ് ഈ കരിമ്പനക്കാറ്റ്. എന്നാലും ഈ വാഴൻപട്ടകളുടെ ചുവട്ടിലത്തെ വിടാത്ത തണുപ്പുണ്ടല്ലോ, അത് വേഗം ക്ഷീണം തീർക്കും.

ശങ്കരൻനായരുടെ വീടിന്റെ പടിഞ്ഞാറുപുറത്തെ നിഴലിന്നു കട്ടികൂടിത്തുടങ്ങി. പാവം! ആ വീട് ഇക്കൊല്ലത്തെ വാഴൻകൃഷിയും നിന്നു കാണുകയാണ്.

“അപ്പോഴേയ്, കമ്മളേ, വേലു ഇത് നിങ്ങളെപ്പോലെ നടാടത്തെ ഒന്നുമല്ല, ഈ വാഴവെപ്പേയ് പത്തിരുപതുകൊല്ലം മുൻപ് ഇതാ നിങ്ങടെ പ്രായത്തില് അടുപ്പിച്ച് മൂന്നുകൊല്ലം വെച്ചു വാഴ. മതിയാക്കും ചെയ്തു.” വായിലെ മുറുക്കാനൊന്ന് ഏൽക്കൂടാൻവേണ്ടി മൂപ്പര് നിർത്തി. നല്ലോണം ഒന്നു ചവച്ചു. എന്നിട്ട് നീട്ടി ഒരു തുപ്പും തുപ്പി. അവിടെ ആസകലം ഒരു ചോരപ്രളയാ. എന്നിട്ട്, പുകയിലക്കഷണം ചുരുട്ടി മടക്കി ഇത്തിരി ചുണ്ണാമ്പും കൂട്ടി ഞെക്കി മുഖമുയർത്തി വായ നല്ലോണം തുറന്ന് അതു മണ്ടിട്ടുകൊടുത്തു. തലയിൽ രണ്ടുകൈയും വച്ച് ഒരമർത്തലും. രസം പിടിച്ച എരു കിട്ടി എന്നർഥം.

“അപ്പോ, എന്തേ മതിയാക്കിയത്? കായയ്ക്ക് വില ഉണ്ടായിരുന്നില്ല, അല്ലേ?”

“എയീ, വെല! അന്നത്തെ വെലയാ മെച്ചം. ഇന്ന് കുലക്ക് ആറുറുപ്പിക, ഏഴുറുപ്പിക കിട്ടുന്നു. അതു കൊടുത്താൽ ഒരു പറ നെല്ലും കിട്ടും. അന്നു കവിഞ്ഞാൽ ഒരുറുപ്പികയാ കിട്ട്വാ. പക്ഷേ, അതിന്ന് രണ്ടുപറ നെല്ലും കിട്ടും.”

“അതു ശരിയാണ്. പിന്നെ എന്തേ വാഴവെപ്പ് നിർത്തിയത്?”

“വാഴവെച്ചാൽ മതിയോ, കുല വേണ്ടേ?”

അതും ശരിയാണ്. ‘കർമ്മണ്യേവാധികാരസ്തേ’ എന്നും പറഞ്ഞ് ആരും നേന്ത്രവാഴയ്ക്ക് കെളക്കില്ല.

അതെന്തേ വേലു, കുലക്കെന്തുപറ്റീ?”

“ഹും വാഴവെച്ചു തിരിക്കൂട്ടി.” നല്ല നനയും നനച്ചു. തിരുവാതിര ഞാറ്റുവേലവന്ന്, കാടും പടലും ഒക്കെ പച്ചപ്പപ്പോ, എന്റെ വാഴക്കൊക്കെ ഒരു മഞ്ഞനിറം. പഴനിക്ക് പോവാൻ നിൽക്കും പോലെ, ഉറപ്പിടിച്ചതാ. കൊളത്തില് വെള്ളമങ്ങനെ നിറഞ്ഞു നിൽക്ക്വാ. മയ്യം മറിച്ച തോട്ടിലൊക്കെ മൊലക്ക് വെള്ളം. തുറന്നുവിട്ട്വോ? എങ്ങട്ടാ വിടണത്! തോടുകീറുമ്പോ അതു നോക്കീല. വാഴക്കിഴങ്ങുംകൂടി ചീഞ്ഞാപോയി.”

ഞാൻ ചുറ്റുപാടും നോക്കി. തിരുവാതിര ഞാറ്റുവേല ഇക്കൊല്ലവും ഉണ്ടല്ലോ. വെള്ളം എങ്ങോട്ടു വിടും?

“നിങ്ങളതൊന്നും നോക്കണ്ട. എടോഴി താണതാ. വേലു കണക്കാക്കിയിരിക്കുണു. ഒരു തുള്ളി വെള്ളം നിൽക്കില്ല ഇതില്. കഴിഞ്ഞ കൊല്ലം ശങ്കരൻകമ്മള് ചെയ്തത് അതല്ലേ?

ആവൂ! രക്ഷയുണ്ട്.

“പിന്നെത്തെ കൊല്ലോം വേലു വാഴവെച്ചു. തിരുവാതിരഞാറ്റുവേലയൊന്നും അക്കൊല്ലം പറ്റിച്ചില്ല”, വേലു ഒരു ചിരി ചിരിച്ചു. “അങ്ങട് എത്തീല. മേടം മുപ്പതായപ്പഴക്ക് കൊളം വറ്റി. കുഴിച്ചിട്ടും കുഴിച്ചിട്ടും ഒരു തുള്ളി ഇല്ല. ആദ്യത്തെ പൂമഴ വന്നപ്പഴയ്ക്ക്, ഏ, ഹേ, വാഴവെച്ച സ്ഥലംകൂടി ഇല്ല!”

പടച്ച തമ്പുരാനേ, ഇക്കൊല്ലം നീ ചതിക്കല്ലേ!

“വെച്ചൂ വാഴ മൂന്നാം കൊല്ലോം. മഴേം പെയ്തു ഒറപ്പറ്റീതുല്ല. കുലേം കുലച്ചു. രണ്ടു കൊല്ലത്തെ ചേതോം തീർന്നു. മാടം കെട്ടി, വേലു കാവലും തൊടങ്ങി... ഇരുപത്തെട്ടുകുലയുണ്ട്, തുമ്പിക്കയ്യും ആട്ടി അങ്ങനെ കുണുങ്ങി നിൽക്കുന്നു. അക്കൊല്ലാണ് വേലു കല്യാണം കഴിച്ചത്. കല്യാണോം കഴിഞ്ഞ്, നാലാം കല്യാണത്തിന്ന് പെണ്ണിന്റേടയ്ക്ക് പോയതാ. മടങ്ങിവന്നപ്പോ, എന്റെ കമ്മളേ, ഒരു നെര വാഴയിണ്ട് അങ്ങനെ ഞെട്ടിത്തരിച്ച് നിൽക്കുന്നു. എന്താ പറയ്യാ ഒടമസ്ഥനോട്ച്ചിട്ട്. കുലയല്ലെ? അത് ആണുങ്ങള് കൊണ്ടോയി.”

ഒന്നു തുപ്പി. കോറായ രണ്ടും തുടച്ച് വേലു പറഞ്ഞു: “വേലു വാഴവെപ്പും നിർത്തി.”

പൗരുഷത്തിന്റെ നേർക്ക് ആഞ്ഞടിച്ച മൂന്നടി. ഒരുത്തൻ കൈക്കോട്ടു വെച്ചാൽ അദ്ഭുതമില്ല. പക്ഷേ, ശാസ്ത്രം നിർഭാഗ്യങ്ങളെ അതിജീവിക്കാൻ പഠിപ്പിക്കുന്നു. ഇപ്പോൾ പാതാളത്തിലുണ്ട് വെള്ളം എന്നുവെച്ചാൽ പുറത്തുകൊണ്ടുവരാം. പമ്പുണ്ട്. പിന്നെ കള്ളനോ! അങ്ങനെയുണ്ടല്ലോ രാത്രി കിസ്തടിപ്പിക്കുന്ന ഒരു ഗവൺമെന്റ്! റേഷൻ കാലത്ത്, ചോറുകൊടുക്കാതെ തോട്ടം കാക്കുന്ന ഒരു യന്ത്രനായയാണ് ആവശ്യം. അതും വരും വഴിയേ.

“പിന്നെ കഴിഞ്ഞകൊല്ലം ശങ്കരൻകമ്മള് കുറെ ക്ഷണിച്ചു.” ആയാളുടെ മുഖം പതിവിലേറെ ഗൗരവപ്പെട്ടിരുന്നു. ശങ്കരൻകമ്മള് എന്നു പറയുമ്പോഴേക്ക് എവിടെനിന്നാണ് ഇത്രയൊക്കെ ആവേശം!

“കഴിഞ്ഞകൊല്ലത്തെ വാഴ കണ്ടപ്പോഴാണ് വേലുവിന് ഒരു “പൂതി’ തുടങ്ങിയത്, അല്ലേ?”

“അത് ആ ഇംഗ്ലീഷു വളമില്ലെ? അതിട്ടിട്ടുള്ള പുളപ്പാ. എന്താ അതിന്റെ പേര്...”

“അമോണിയം സൾഫേറ്റൊ? ബോൺമീൽസോ?”

“നിങ്ങളാ രണ്ടാമത് പറഞ്ഞത്. അതാ കുലയ്ക്ക് ഗുണം.”

“അത് നമ്മൾക്ക് ഇക്കൊല്ലവും വാങ്ങി ഇടണം.”

“പക്ഷേ, ശങ്കരൻ കമ്മളുടെ വാഴ കണ്ടിട്ടൊന്ന്വല്ല വേലു എളകീത്. അതാ ശങ്കരൻ കമ്മളെ കണ്ടിട്ടാ. ഓ, എന്ത് പൊൻകതിരുപോലത്തെ കുട്ടി ആയിരുന്നു!”

“അതേ, പൂവൻപഴം പോലത്തെ ഒരു ദേഹം. കണ്ണിൽ നിന്നങ്ങട്ട് മറയുന്നില്ല.”

“ഹും നിങ്ങള് ദേഹേ കണ്ടിട്ടുള്ളൂ. അതിലും പത്തരമാറേറന്ന് മനസ്സ്. കേൾക്കണോ ഒരു കഥ?”

അതേ, വേലു ഇപ്പോഴെ കഥയിന്മേലേക്ക് എത്തിയിട്ടുള്ളു. തുടങ്ങുകയായി. ആ നീട്ടിയും കുറുക്കിയുംകൊണ്ടുള്ള ഈണക്കവും സ്വരവും ആ വലിയ വായിൽക്കൂടി പുറപ്പെടുമ്പോൾ അതിന്നുണ്ടൊരു രസം വേറെത്തന്നെ. ആ വരളുന്ന മൺകട്ടകളിൽനിന്നു പുറപ്പെടുന്ന വാസനയുണ്ടല്ലോ, അത് വേലുവിന്റെ കഥയ്ക്ക് ഒരു നല്ല ശ്രുതിപിടിക്കാൻ പോലേ ആണ്. “നാല്പത്തൊന്നു വാഴ വെച്ചു, കമ്മള്.” വേലു തുടങ്ങി. നാല്പതു നേന്ത്രയും ഒരു പൂവനും. രാവുമില്ല, പകലുമില്ല, കമ്മളെ കാണാം വാഴത്തോട്ടത്തില്. കമ്മള് കാണാതെ കൂമ്പു വന്നിട്ടില്ല, ആ വാഴക്കൊന്നും. ഒരു കാക്ക വന്നിരിക്കാൻ സമ്മിതിച്ചിട്ടില്ല. അങ്ങിനെ വാഴ ഒക്കെ കുലച്ചു, കതിർപ്പൂചിന്നി, ഏഴുചീർപ്പ്, എട്ടുചീർപ്പുണ്ട് ഓരോന്നിലും. പീടികത്തലക്കലെ മൊയ്തീൻ മാപ്പിള ഒരു ദിവസം വിളിച്ചുപറഞ്ഞു: “നല്ലോണം നോയ്ക്കോളീൻനായരൂട്ട്യേ. ഇതോണ്ട് നിങ്ങടെ കഷ്ടപ്പാട് തീരും.” നേരായി, കഷ്ടപ്പാടും തീർന്നു. ഇനി ആ കമ്മൾക്ക് ഒരു കഷ്ടപ്പാടും ഇല്ലല്ലോ ഈ ലോകത്തില്...”

വേലു നിർത്തി. അയാളുടെ കണ്ണുകൾ പകുതി അടഞ്ഞിരുന്നു. മരണത്തിനു മുൻപിൽ ഇത്ര ബഹുമാനമോ! ഇതസാധാരണമാണ്. മൂപ്പര് കഥ തുടങ്ങിയാൽ നിർത്തലില്ല. യന്ത്രപ്പമ്പിൽനിന്ന് വെള്ളം വരുമ്പോലെ നിർത്താതെ അങ്ങിനെ ചൊരിയലാണ് പതിവ്. പക്ഷേ, അതൊന്നും ശങ്കരൻകമ്മളുടെ കഥയല്ലല്ലോ!

വാഴൻപട്ടകൾ ഉലച്ചുകൊണ്ട് ഒരു തള്ള് കാറ്റുകൂടി കടന്നുപോയി.

“എന്നിട്ട്?” ഞാൻ ആയാളുടെ സങ്കല്പത്തിന്ന് ഒരു നുള്ളുകൊടുത്തു.

കായ മെല്ലെ തൊടം വീണൊടങ്ങി. നല്ല ആയോം നീളോം ഉള്ള ആനക്കൊമ്പുപോലെ. കമ്മള് ഇതാ അവടെത്തന്നെ ഒരു മാടോം വെച്ചു കെട്ടി. അതിൽവന്നു കെടക്കും രാത്രി. ഒറ്റയ്ക്ക്. കോടംമഴേനീം പേടി ഇല്ല; ചെകുത്താനേം പേടില്ല. കമ്മളുടെ അമ്മയുണ്ടല്ലോ, കല്യാണിത്തമ്പുരാട്ടി, കോൽത്തിരിയും കത്തിച്ച് വന്നുനോക്കും പാതിരയ്ക്ക്. ഒറ്റമകനല്ലേ? അമ്മ വന്നാൽ മകൻ ശുണ്ഠ്യെടുത്തു. "ഈ മഴച്ചാറലുകൊണ്ട് ഈ തള്ള ചത്തുപൂവും." മകൻ പറേണത് കേൾക്കാം. പക്ഷേ, തള്ള ചത്തില്ല. മകനോ...?"

പിന്നെയും നിർത്തി വേലു. എന്ത്! സ്വന്തം മകനെപ്പറ്റി ഒരച്ഛന്നുപോലും ഉണ്ടാവാൻ വയ്യ ഈ വൈവശ്യം. ഞാൻ വീട്ടിന്നുനേരെ നോക്കി. ആ പുരയുടെ മാറാലകെട്ടിയ പടിഞ്ഞാറെച്ചുമരുണ്ടു കരുവാളിച്ചങ്ങനെ നിൽക്കുന്നു.

വേലു തുടങ്ങീ. "കായ മൂത്തു. കമ്മൾക്ക് മറ്റൊരു ചിന്ത ഇല്ല. ആ, ഞാൻ പറയാൻ മറന്നു. വാഴയ്ക്ക് ഊന്നിടുന്നതല്ലേ കാണണ്ടത്? വാഴ അറിയില്ല. ചെത്തി കൂർപ്പിച്ച മുളയുടെ അറ്റം കീഴ്പ്പോട്ടാക്കി നിന്ന നില്പിൽ ആഞ്ഞ് നിലത്തൊരു കുത്താണ്. മുട്ടിനുംമീതെ ആഴത്തിലായി. ആനവലിച്ചാൽ ഉലയില്ല ഊന്നൊന്നും ആ തടിമിടുക്കേയ്... പക്ഷേ, ആ ഉന്നുവേണം. എന്താ കുല! രണ്ടു കല ഏറ്റെണങ്കില് ഇന്നാട്ടില് ഒന്നോ രണ്ടോ ആളേ ഉള്ളൂ." വേലു തന്നത്താൻ ഒന്നു നോക്കി. ആ ആത്മാഭിമാനത്തിന്നുനേരെ എനിക്ക് അസൂയ തോന്നി.

"എന്തിനാ പറേണത്! ഈ കെട്ടിക്കാവല് ഒക്കെ ഉണ്ടായിട്ടും കുല രണ്ടെണ്ണം പോയി. ഒറ്റ രാത്രി രണ്ടെണ്ണം!"

"നിങ്ങളെന്തു പറയുന്നു." എന്ന അർഥത്തിലാവാം വേലു എന്റെ നേർക്കൊന്നു നോക്കി. എന്തു പറയാനാണ്, സ്രാവിനെ പിടിക്കുന്ന വലയ്ക്ക് വല വിഴുങ്ങുന്ന സ്രാവുണ്ടാവുമ്പോൾ!

"കർക്കടകത്തിലെ കറുത്ത വാവാ. നേരം വെളിച്ചായി നോക്കുമ്പം രണ്ടു കുല ഇല്ല. ഇരുത്തം കൊള്ളേ്വാ കമ്മൾക്ക്! കമ്മള് കുറെ കരഞ്ഞു. ആരെയെന്നില്ലാതെ കുറെ ശപിച്ചു. ആ ചൊകന്ന കണ്ണും ചുരമാന്തിനിൽക്കുന്ന കോലോം. നടന്നു അങ്ങാടീല് നെറച്ച്, കൂടായ കൂടൊക്കെ പൊളിപ്പിച്ചു. കള്ളൻ കൊണ്ടുപോയീ വിറ്റിട്ട് പഴുപ്പിക്കാൻ വെച്ചിട്ടുണ്ടോ എന്നു നോക്കാനേയ്. ഒടുവില് പൊലീസിലേയ്ക്കുള്ള പൊറപ്പാടിന്മേലായി. അതിനു കമ്മൾക്കൊരു മടിയും. രണ്ടു കുല അല്ലേ പോയുള്ളു? അവിടെ കൊണ്ടുപോയി കൊളുത്ത്യാൽ പിന്നെ എന്തൊക്കെ ചെലവാ വന്നൂട്ടാ! അരക്കാശ് പോണേടത്ത് മരിക്കണ പുള്ള്യല്ലേ? ചുരുക്കത്തിൽ പറയട്ടെ. കൊറെ അങ്ങട് പായും. കുറെ ഇങ്ങട് പായും. ഒടുക്കം പിടികൂടി കള്ളനെ. എങ്ങിനെയാ മണത്തറിഞ്ഞത് എന്ന് എനിക്കിപ്പഴും തിരിഞ്ഞിട്ടില്ല. അപ്പഴേക്ക് കേട്ടറിഞ്ഞെത്ത്യേലോ എല്ലാ ദുഷ്ടന്മാരും. ശങ്കരൻകമ്മടെ കായക്കുല പോയേലുള്ള വെസനോന്ന്വല്ല നാട്ടുകാർക്ക്. ഒരുത്തൻ കുടുങ്ങണത് കാണാലോ. പീടികേല് നെറച്ച് ആളോള്, അകത്ത് കള്ളനും കായക്കുലയും."

എന്റെ ജിജ്ഞാസക്ക് കാക്കാൻ വയ്യാതായി. "ആരായിരുന്നു കള്ളൻ."

വേലു ഒരു നിമിഷം മിണ്ടാതിരുന്നു. "അത് പറയാം." മൂപ്പര് ഉൽക്കണ്ഠയെ നീട്ടിക്കൊണ്ടുപോവാൻതന്നെയാ ഭാവം.

ഈടും മുട്ടുമായപ്പോ കള്ളൻതന്നെയങ്ങട് കമ്മളെ വിളിച്ചു. കുറച്ചുകൂടി അകത്തേയ്ക്കു വലിഞ്ഞിട്ടു കാര്യം പറഞ്ഞു. "കള്ളക്കർക്കടാമാസം. അടച്ചുപിടിച്ച മഴ. അറത്താൽ ചോര ഇല്ല, കമ്മളേ, തടീമ്മല്. ഇന്നലെ മോന്തിക്ക് എത്തീ എന്റെ മോളും ഓളടെ കെട്ട്യോനും- കടിഞ്ഞൂൽപ്പേറ്റിന് വന്നതാ ഓള്, തള്ളടെ അടുത്തേക്ക്. ഭേദപ്പെട്ട ഒരു തറവാട്ടീന്നാ അവര് വർണത്. ഇവിടത്തെ കള്ളി ഒന്നും അവരും അറീല്യ, ആരും അറീല്യ. അവമ്യം പുറത്താക്കാതെ കൊണ്ടുനടന്നു ഇതേവരെ. പത്തുമണിവരെക്കൊക്കെ പാഞ്ഞുനടന്നു. എന്നിട്ടോ, പാഞ്ഞത് മിച്ചം, ചോദിക്കേണ്ടോടത്ത് ചെന്നാൽ നാപ്പേരില്ല. ചോദിക്കണോടത്താണെങ്കിൽ കിട്ടീതുല്യ. കമ്മളേ, കുട്ട്യോളുടെ കഴുത്തു കൊത്തുമ്പോലേ ഞാൻ നിങ്ങടെ രണ്ടു കുല കൊത്തി. ചിങ്ങം പെറന്നാ നിങ്ങക്ക് കുലക്ക് കുല വാങ്ങിത്തരാം അല്ല പൈസാണച്ചാലോ, അതും തരാം. നിങ്ങള് പറേണ സംഖ്യ ദാ, മാനംകെട്ത്തര്ത്, ഇല്ലാത്തോനാണെങ്കിലും ഒരു പഴേ തറവാട്ടുകാരനാണ്. കെട്ത്യാൽ കൊളുത്താൻ കഴീണതല്ല കമ്മളേ, മാനം. നിങ്ങള് എന്നെ രക്ഷിക്കണം. ചെറുപ്പാണെങ്കിലും നിങ്ങളെ ഞാൻ എന്റെ അച്ഛനെപോലെ കരുതും. കയ്യും നെഞ്ഞത്ത് വെച്ച് കള്ളൻ മുഖത്തോക്കിനിന്നപ്പോ, തരിച്ചുനിന്നു കമ്മള് ഒരൊറ്റനാഴിക. അപ്പഴയ്ക്ക് പീടികക്കാരനെ വെറുപ്പിച്ചോടങ്ങി ചിലരൊക്കെ. പൊലീസിലേക്ക് ഓടാഞ്ഞീട്ട് വെറളി എടുത്തോടങ്ങി ചെലരെക്കെ. ഒരക്ഷരം മിണ്ടണ്ടേ കമ്മള്. ഒടുക്കം കള്ളന്റെ കൈയും പിടിച്ച് പീടികക്കോലായ്മ്മലക്ക് വന്നിട്ട് പറയാണ് നിങ്ങള് കേക്കണം- കുലേമ്മലക്ക് ചൂണ്ടീട്ട് കമ്മള് പറയാണ് വല്യേ കാര്യം പോലെ, നിയ്യെനിക്ക് രണ്ടുറുപ്പിക അധികം തരണം. ഞാൻ പറഞ്ഞ കുല അല്ല നിയ്യ് വെട്ടീത്." പച്ചപ്പുളിങ്ങ കടിച്ച മാതിരി ആയിലേ വന്നോരൊക്കെ! "

അപ്പൊ ശങ്കരൻനായരേ, നിങ്ങള് രണ്ടു കുല ഇവന് വിറ്റിരുന്വോ?"

"പിന്നെ വിൽക്കാതെ എന്താ, കയ്യേറ്റാ? വിറ്റ കുല അല്ല അവൻ വെട്ടീത്. എനിക്കിപ്പൊ കിട്ടണം രണ്ടുറുപ്പുക കൂടി."

കള്ളനു രണ്ടുറുപ്പികയും കൊടുത്തു. പത്തുറുപ്പിക എളിയിലും തിരുകി രണ്ടാളുംകൂടി അങ്ങട് എറങ്ങിപ്പോവൂം ചെയ്തു."

വേലു എന്റെ മുഖത്തേയ്ക്കുതന്നെ നോക്കി. ഇത്രയൊക്കെ മഹാമനസ്കത കാണിക്കും ആ പിശുക്കൻനായര് എന്നു ഞാൻ വിചാരിച്ചിരുന്നില്ല ഏതായാലും അതിനു സാക്ഷി വേലുവുണ്ട്. വേലുവിന്റെ സർവ്വജ്ഞത്വത്തിന്നോ? ശങ്കരൻനായര് തന്നെ പറഞ്ഞുകേട്ട കഥയായിരിക്കുമോ? എങ്കിൽ അതിന്റെ കനം കുറഞ്ഞു. ഏതായാലും കട്ടിട്ടും കള്ളനാവാത്ത ആ തറവാടിയുടെ നിർവൃതിയെപ്പറ്റിയാണ് എന്റെ ആലോചന പാഞ്ഞത്.

"അപ്പൊഴെയ് കമ്മളേ," ഞാൻ ഉണർന്നൂ "എൺപത് വാഴവെച്ചിട്ടുണ്ട് വേലു. ഇതില് ഒശത്തിക്കുല നാല്പതെണ്ണം ശങ്കരൻ കമ്മടെ അമ്മയ്ക്കുള്ളതാ. ആ തള്ളടെ മകൻ ഇനി വേലുവാ."

അമ്പോ, അതൊരുതരം ഭീഷ്മപ്രതിജ്ഞയായി.

"മാനോം വിറ്റ് മണ്ണുകോരണ്ട വേലൂനെ വിളിച്ചിട്ട് മരിക്കണേന്റെ തലേന്നാളാ ഏല്പിച്ചത്. "വേലോ, എൺപത് വാഴവെക്കണം ഇക്കൊല്ലം. കന്ന് ഇവിടെ ഉണ്ട്. സ്ഥലോം ഉണ്ട്. നാല്പതെണ്ണം വേലു, നാല്പതെണ്ണം ഞാനും. ഏറ്റുന്നൂ പറയൂ എന്നോട്."

"ദണ്ണം മാറട്ടെ കമ്മളേ, വേലു കൂടിക്കോളാം വാഴവെയ്ക്കാൻ."

"ഞാൻ ഇല്ലെങ്കിലും വേലു വാഴവെക്കണം."

"വേലു ഏറ്റു. കമ്മള് ഉറപ്പിച്ചോളീൻ."

ആ ഒറപ്പിന്മേൽത്തന്നെയാണ് കമ്മള് പോയത്. വേലു വെയ്ക്കും ചെയ്തു എമ്പതും. വേലൂന്റെ കയ്യിമ്മല് ചോരയോട്ടാം ഉണ്ടെങ്കില് കുലപ്പിക്കും ചിയ്യും വേലും എമ്പതും."

വായിലെ മുറുക്കാൻ ചണ്ടി ഒന്നു പാറ്റിത്തുപ്പി വേലു എണീററു. ആവേശംകൊണ്ടു വിറച്ചിരുന്നു. ആ സ്ഥൂലാകാരം മെല്ലെ കൈക്കോട്ടിന്മേലേയ്ക്കു ചാഞ്ഞു. ഞാൻ സങ്കല്പത്തിലേയ്ക്ക് ഒന്നുംകൂടിതാണു. ഒരു പെരുങ്കള്ളനെപ്പിടിച്ച് കൈക്കോട്ടിന്മേൽ കെട്ടിയിട്ട മഹത്തായ ആ സ്നേഹത്തിന്മേൽ എന്റെ മനസ്സ് പൊരുന്നിരിക്കയാണ്. ഉലഞ്ഞ തൈവാഴപ്പട്ട എന്റെ കവിളത്ത് മെല്ലെ മെല്ലെ ഉരസി മനോരാജ്യത്തെ സുഖശീതളമാക്കിക്കൊണ്ടിരുന്നു.

"വരട്ടെ വേലോ, ഇതങ്ങട്ട് മോന്തിക്കോ"

ഞാൻ തിരിഞ്ഞുനോക്കി. ഒരു ചായപ്പാത്രവും രണ്ടു ഗ്ലാസ്സുമായി അവിടേയ്ക്കു നടന്നുവരികയാണ് ആ പെരുംപേറു പെറ്റ വയറ്. മനസാ നമസ്കരിച്ചു ഞാൻ എഴുന്നേറ്റുനിന്നു വേലു കിളനിർത്തി മിണ്ടാതെ കയറിവന്നു. അവന്റെ ഹൃദയം നിറഞ്ഞിരിക്കയാണ്. കഴിഞ്ഞ കൊല്ലം ഇതേ സമയത്ത് ഇവിടെ കിളിച്ചിരുന്നവന്റെ തൊണ്ട നനച്ചുപോന്നതാണ് അവരുടെ കൈകൾ. അവർ ചായപ്പാത്രം നിലത്തുവെച്ചു. ആ കൈകൊണ്ട് മുണ്ടിന്റെ തുമ്പെടുത്ത് നിറഞ്ഞുനിന്നിരുന്ന കണ്ണു തുടച്ചു.